ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE:15.07.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. ആക്സിയം-4 ബഹിരാകാശ ദൗത്യത്തിന് ശേഷം ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാംശു ശുക്ല ഉൾപ്പെടെയുള്ള സംഘം ഭൂമിയിൽ സുരക്ഷിതമായി തിരിച്ചെത്തി, അഭിനന്ദനങ്ങൾ അറിയിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും

   Indian astronaut Shubhanshu Shukla and his team returned safely to Earth after Axiom-4 space mission, President and Prime Minister congratulated them

2. 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് നിർണായകമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   President Draupadi Murmu says education have a pivotal role in making India a developed nation by 2047.

3. യെമനിലെ മലയാളി നഴ്സ് നിമിഷപ്രിയയുടെ വധശിക്ഷ നടപ്പാക്കുന്നത് മാറ്റിവച്ചു. നിരന്തര ഇടപെടലിൻറെ ഫലമെന്ന് കേന്ദ്ര സർക്കാർ

   The execution of Indian nurse Nimishapriya in Yemen, has been postponed, the result of continuous intervention says the central government

4. 4. ഭീകരത, തീവ്രവാദം എന്നീ വിഷയങ്ങളിൽ ഷാങ്ഹായ് സഹകരണ സംഘടന വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

**External Affairs Minister S Jaishankar has emphasized that Shanghai Cooperation Organization should take an uncompromising position on the issues of terrorism and extremism.**

5. 5. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്

**The Central Meteorological Department has predicted that there is a possibility of heavy rain in Kerala for the next five days. Fishing has been banned on the coasts of Kerala, Karnataka and Lakshadweep till Saturday**

&&&&&&&&&&&&&&&&&

## AXIOM-LANDING

ചരിത്രം കുറിച്ച്,18 ദിവസത്തെ ആക്സിയം-4 ബഹിരാകാശ ദൗത്യത്തിന് ശേഷം ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാംശു ശുക്ല ഉൾപ്പെടെയുള്ള നാലംഗ സംഘം ഭൂമിയിൽ സുരക്ഷിതമായി തിരിച്ചെത്തി. നാലംഗ സംഘത്തെയും വഹിച്ചുള്ള സ്പേസ് എക്സിന്റെ ഡ്രാഗൺ പേടകം ഇന്ന് ഉച്ചയ്ക്ക് കാലിഫോർണിയക്കടുത്തുള്ള സാൻ ഡീഗോ തീരത്ത് പസഫിക് സമുദ്രത്തിൽ സ്പ്ലാഷ് ലാൻഡിംഗ് നടത്തി. സഞ്ചാരികളെല്ലാം സുരക്ഷിതരായി

തിരിച്ചെത്തിയെന്ന് അധികൃതർ അറിയിച്ചു. നാല് യാത്രികരും ഒരാഴ്ചത്തെ ആരോഗ്യ നിരീക്ഷണത്തിലായിരിക്കും. സ്പേസ് എക്സിന്റെ ഡ്രാഗൺ ക്രൂ പേടകത്തിൽ ജൂൺ 26 നാണ് സംഘം നിലയത്തിലെത്തിയത്. ഇതോടെ, അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിക്കുന്ന ആദ്യ ഇന്ത്യക്കാരൻ എന്ന നേട്ടം ശുംഭാൻശു സ്വന്തമാക്കി.

&&&&&&&&&&&&&&&&&&

## PREZ–SUBHANSHU

ആക്സിയം 4 ബഹിരാകാശ ദൗത്യം വിജയകരമായി പൂർത്തിയാക്കി മടങ്ങിയെത്തിയ ശുഭാൻശു ശുക്ലയെ രാഷ്ട്രപ്രതി ദ്രൗപതി മുർമുവും, പ്രധാനമന്ത്രി നരേന്ദ്രമോദിയും അഭിനന്ദിച്ചു. ദൗത്യത്തിലെ ശുഭാൻശുവിന്റെ പങ്ക് ഇന്ത്യയുടെ ബഹിരാകാശ പര്യവേഷണത്തിലെയും ശാസ്ത്ര സാങ്കേതിക മേഖലയിലെ അന്താരാഷ്ട്ര സഹകരണത്തിലെയും പുതിയ നാഴികക്കല്ലാണെന്ന് രാഷ്ട്രപതി പറഞ്ഞു. ശുഭാൻശുവിന്റെ ധൈര്യവും സമർപ്പണവും ഇന്ത്യൻ ജനതയുടെ സ്വപ്നങ്ങൾക്ക് പ്രചോദനം നൽകിയതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു

&&&&&&&&&&&&&&&&&&

## JITENDRA–AXIOM 4–INTRO

ബഹിരാകാശ ദൗത്യം വിജയകരമായി പൂർത്തിയാക്കി തിരിച്ചെത്തിയ ഇന്ത്യൻ വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയെയും ആക്സിയം -4 ദൗത്യ സംഘത്തെയും കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ഡോ. ജിതേന്ദ്ര സിംഗ് അഭിനന്ദിച്ചു. ബഹിരാകാശ രംഗത്ത് ഇന്ത്യ ഇന്ന് ഒരു ശാശ്വത ഇടം കണ്ടെത്തിയെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇത് ഇന്ത്യക്ക് മഹത്വപൂർണ്ണമായ ഒരു നിമിഷമാണെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&

**PREZ-ODISHA - INTRO**

ആഗോളതലത്തിൽ സുപ്രധാന ശക്തിയാവുക എന്നതാണ് ഇന്ത്യയുടെ ദേശീയ ലക്ഷ്യമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഒഡീഷയിലെ കട്ടക്കിൽ റാവൻഷാ സർവകലാശാലയുടെ 13-ാമത് വാർഷിക ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ സംരക്ഷണം, ബഹിരാകാശം, ശാസ്ത്ര സാങ്കേതിക വിദ്യ, കൃത്രിമ ബുദ്ധി തുടങ്ങിയ മേഖലകളിൽ ഇന്ത്യ ഏറെ മുന്നിലാണെന്നും 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് നിർണായകമാണെന്നും ശ്രീമതി മുർമു പറഞ്ഞു. ഉപരിപഠനത്തിൽ പെൺകുട്ടികൾ പ്രകടിപ്പിക്കുന്ന പ്രാഗത്ഭ്യത്തെക്കുറിച്ച് പരാമർശിച്ച

രാഷ്ട്രപതി, വനിതാ ശാക്തീകരണത്തിൽ നിന്ന് വനിതകളാൽ നയിക്കപ്പെടുന്ന നിലയിലേക്ക് രാജ്യം മാറുന്നതിൻറെ ദിശാസൂചകമാണ് ഇതെന്നും വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## NIMISHA-EXECUTION

യെമനിൽ നാളെ നടത്താനിരുന്ന മലയാളി നഴ്സ് നിമിഷപ്രിയയുടെ വധശിക്ഷ മാറ്റിവച്ചു. നിമിഷപ്രിയയുടെ കുടുംബത്തിന് എതിർ കക്ഷിയുമായി സംസാരിച്ച് പരിഹാരത്തിലെത്താൻ കൂടുതൽ സമയം തേടുന്നതിന് സർക്കാർ ശ്രമങ്ങൾ നടത്തിയിരുന്നു. ഇതിൻ്റെ ഫലമായാണ് വധശിക്ഷ മാറ്റിയതെന്ന് ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കി. കേസിന്റെ തുടക്കം മുതൽ, വിഷയത്തിൽ സാധ്യമായ എല്ലാ സഹായവും സർക്കാർ നൽകിയിരുന്നു. ഇന്ത്യൻ ഉദ്യോഗസ്ഥർ പ്രാദേശിക ജയിൽ അധികൃതരുമായും പ്രോസിക്യൂട്ടറുടെ ഓഫീസുമായും നിരന്തരം ബന്ധപ്പെട്ടതും, ശിക്ഷ മാറ്റിവയ്ക്കുന്നതിന് കാരണമായി.

&&&&&&&&&&&&&&&&&&

## NIMISHA PRIYA-GOV-CM

നിമിഷ പ്രിയയുടെ വധശിക്ഷ മാറ്റിയതിൽ സന്തോഷമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ആശ്വാസ

വാർത്തയ്ക്ക് കാരണം പല തലങ്ങളിൽ നിന്നുള്ള കൂട്ടായ പരിശ്രമമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

നിമിഷ പ്രിയയുടെ വധശിക്ഷ നടപ്പാക്കുന്നത് നീട്ടിവെച്ച വാർത്ത ആശ്വാസജനകവും പ്രതീക്ഷാനിർഭരവുമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## UN-SDG ACHIEVEMENT

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ 35 ശതമാനം മാത്രമേ 2030 -ഓടെ കൈവരിക്കാൻ കഴിയൂ എന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. 2030 എന്ന സമയപരിധി പാലിക്കാൻ സാധിക്കാത്തത് ഒരു ആഗോള വികസന അടിയന്തരാവസ്ഥയാണെന്ന് അദ്ദേഹം പറഞ്ഞു. Sustainable Development Goals 2025 റിപ്പോർട്ടിന്റെ പ്രകാശന വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&

## PREZ-KALINGA

വിദ്യാർത്ഥികൾ അവരുടെ മാതൃഭാഷയിൽ വിദ്യാഭ്യാസം നേടണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. മാതൃഭാഷയിൽ നേടുന്ന വിദ്യാഭ്യാസം സമ്പന്നമായ ഇന്ത്യൻ സംസ്കാരത്തെ

സംരക്ഷിക്കുക മാത്രമല്ല, ആഴത്തിൽ വേരൂന്നിയ പാരമ്പര്യത്തെയും നിലനിർത്തുമെന്ന് രാഷ്ട്രപതി പറഞ്ഞു. ഒഡീഷയിലെ കട്ടക്കിൽ നടന്ന ചടങ്ങിൽ ഒഡിയ കവിയും പണ്ഡിതനുമായ ആദികബി സരള ദാസിന്റെ 600-ാാം ജന്മവാർഷിക ചടങ്ങിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ചടങ്ങിൽ, കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാന് 2024ലെ കലിംഗ രത്ന അവാർഡ് രാഷ്ട്രപതി മുർമു സമ്മാനിച്ചു.

&&&&&&&&&&&&&&&&&&

**JAISHANKAR-SCO**

ഭീകരത, വിഘടനവാദം, തീവ്രവാദം എന്നീ വിഷയങ്ങളിൽ ഷാങ്ഹായ് സഹകരണ സംഘടന വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ചൈനയിലെ ടിയാൻജിനിൽ ഇന്ന് നടന്ന എസ്സിഒ വിദേശകാര്യ മന്ത്രിമാരുടെ കൗൺസിൽ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ മതപരമായി ഭിന്നിപ്പിക്കുക, ജമ്മു കശ്മീരിന്റെ വിനോദസഞ്ചാര സമ്പദ്‌വ്യവസ്ഥയെ തകർക്കുക എന്നീ ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**S JAISHANKAR CALLED ON XI JINPING**

ബീജിംഗിൽ എസ് സി ഒ അംഗങ്ങൾക്കൊപ്പം വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങിനെ സന്ദർശിച്ചു. ഇന്ത്യയും ചൈനയും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിലെ സമീപകാല സംഭവവികാസങ്ങളെക്കുറിച്ച് ചൈനീസ് പ്രസിഡന്റിനെ അറിയിച്ചതായി ഡോ. ജയ്ശങ്കർ സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. എസ്സിഒ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ ഡോ. ജയ്ശങ്കർ ഇന്നലെയാണ് ബീജിംഗിൽ എത്തിയത്.

&&&&&&&&&&&&&&&&&&

## UIDAI AADHAR UPDATE

ഏഴ് വയസ്സിനും അതിനു മുകളിലും പ്രായമുള്ള കുട്ടികളുടെ നിർബന്ധിത ബയോമെട്രിക് അപ്ഡേറ്റ് പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ച് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ. ഏഴ് വയസ്സ് തികഞ്ഞെങ്കിലും ഇതുവരെ ആധാറിലെ ബയോമെട്രിക് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടില്ലാത്ത കുട്ടികളാണ് നിർബന്ധിത ബയോമെട്രിക് അപ്ഡേറ്റ് പൂർത്തിയാക്കേണ്ടത്. 7 വയസ്സിന് ശേഷവും നിർബന്ധിത ബയോമെട്രിക് അപ്ഡേറ്റ് പൂർത്തിയായില്ലെങ്കിൽ, നിലവിലുള്ള ആധാർ നമ്പർ നിർജ്ജീവമായേക്കാം.

&&&&&&&&&&&&&&&&&&

## RAIN KERALA

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. നാളെ ഇടുക്കി, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60-കിലോ മീറ്റർ വരെ ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഇന്ന് മുതൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## MONSOON SESSION-PARLIAMENT

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 21 ന് ആരംഭിക്കും. ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കണമെന്ന പ്രതിപക്ഷത്തിൻറെ ആവശ്യം നിലനിൽക്കേയാണ് തീരുമാനം. ഓഗസ്റ്റ് 12 വരെയാണ് വർഷകാല സമ്മേളനം.

&&&&&&&&&&&&&&&&&

**TENDER-INVITE**

കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കേരള- ലക്ഷദ്വീപ് മേഖലയിൽ സർക്കാരിന്റെ വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. ഈമാസം 28 ന് ഉച്ചയ്ക്ക് ഒരു മണി വരെ ടെൻഡർ സമർപ്പിക്കാം.

&&&&&&&&&&&&&&&&&

**CHESS – FIDE WOMENS WORLD CUP**

ജോർജിയയിലെ ബറ്റൂമിയിൽ നടക്കുന്ന ഫിഡെ ചെസ് വനിതാ ലോകകപ്പ് നാലാം റൗണ്ടിൽ ഇന്ത്യൻ താരങ്ങൾ നാളെ മാറ്റുരയ്ക്കും. ക്വാർട്ടർ ഫൈനലിൽ സ്ഥാനമുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആർ. വൈശാലി, ഹരിക ദ്രോണവല്ലി, കൊനേരു ഹംപി, ദിവ്യ ദേശ്മുഖ് എന്നിവരാണ് നാലാം റൗണ്ടിൽ മത്സരിക്കുന്നത്.

&&&&&&&&&&&&&&&&&

## DIGITAL REVENUE CARD

കേരളത്തിൻ്റെ ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതിക്ക് കേന്ദ്രസർക്കാരിൻ്റെ അംഗീകാരം. കേന്ദ്രസർക്കാരിൻ്റെ ഭരണപരിഷ്ക്കരണ വകുപ്പിന്റെ സംസ്ഥാന സഹകരണ സംരംഭ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്ന 11 ഇനങ്ങളിൽ ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതി ഒന്നാം സ്ഥാനം നേടി. ഒരു എടിഎം കാർഡിൻ്റെ മാതൃകയിൽ ചിപ്പും QR കോഡും യൂണിക് നമ്പരും ഉൾപ്പെടുന്ന ഡിജിറ്റൽ റവന്യൂ കാർഡിൽ വ്യക്തിഗത വിവരങ്ങളും ഭൂമി സംബന്ധമായ വിവരങ്ങളും ലഭ്യമാകും.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&